വ്യവസായ മേഖലയിലെ വിദേശ നിക്ഷേപം

8 [1213] ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ വ്യവസായ മേഖലയിൽ വിദേശ നിക്ഷേപം ഉണ്ടായിട്ടുണ്ടോ ; എങ്കിൽ എത്ര ;

(ബി) ഇത് സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ, ബി) കെ.എസ്.ഐ.ഡി.സി.യുടെ സഹകരണത്തോടെയുള്ള കുമരകം റോക്ക് റിസോർട്ട്സ് 28 കോടി രൂപയുടെ മുതൽമുടക്കിൽ 20 കോടിയും റൂബെക്ക് ബവ്വൺസ് എറണാകുളത്തിന്റെ 3 കോടി മുതൽ മുടക്കിൽ 1 കോടിയും വിദേശ നിക്ഷേപമാണ്. കേന്ദ്ര സർക്കാരിന്റെ സെക്രട്ടേറിയറ്റ് ഫോർ ഇൻഡസ്ട്രീയൽ അസിസ്റ്റന്റ്സ് വഴി 2001 ജൂലൈ മുതൽ 2004 ജൂലൈ വരെ ഏകദേശം 352 കോടി രൂപയുടെ പദ്ധതികൾക്ക് കേരളത്തിൽ വിദേശ നിക്ഷേപത്തിന് അനുമതി നൽകുകയുണ്ടായി.

പരമ്പരാഗത വ്യവസായ സഹായനിധിയുടെ പ്രവർത്തനം

9 [1214] ശ്രീ. ടി. കെ. ദേവകുമാർ :
ശ്രീമതി ഗിരിജാസുരേന്ദ്രൻ :
ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരമ്പരാഗത വ്യവസായ സഹായനിധിയുടെ പ്രവർത്തനം തുടങ്ങിയിട്ടുണ്ടോ ;

(ബി) എങ്കിൽ തന്നാണ്ടിൽ നിധിയിലേക്ക് സർക്കാർ എത്ര തുക നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(സി) പരമ്പരാഗത വ്യവസായ സഹായനിധിയിൽനിന്നും ഇതിനകം എന്തെല്ലാം നിലയിലുള്ള സംരംഭങ്ങൾക്ക് സഹായം വിതരണം ചെയ്യുകയുണ്ടായെന്ന് വെളിപ്പെടുത്താമോ ;

(ഡി) പരമ്പരാഗത വ്യവസായ മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് നിധി പ്രയോജനപ്പെടുത്തിയിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly